പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5466 — 27-03-2018-ലെ മറുപടിയ്ക്ക്

## കോട്ടക്കൽ മണ്ഡലത്തിൽ കൃഷി വകുപ്പ് ഏറ്റെടുത്ത പ്രവൃത്തികൾ

| ചോദ്യം | മറുപടി |
| --- | --- |
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| **(എ)** കോട്ടക്കൽ നിയോജക മണ്ഡലത്തിൽ കൃഷി വകുപ്പ് 2017-18-ൽഏറ്റെടുത്ത പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കമോ ; | **(എ)** 1) കോട്ടക്കൽ പ്രദേശത്ത് 50 ഹെക്ടർ സ്ഥലത്ത് 134 കർഷകർക്ക് പ്രയോജനപ്രദമായ വിധത്തിൽ നഗരസഭയുടെ കൂടി സഹകരണത്തോടെ നെൽകൃഷി വ്യാപനം സാധ്യമാക്കി ആയതിന് 10,11,000/- രൂപ വിനിയോഗിച്ചു.<br>2) മൂന്നര ഹെക്ടർ പ്രദേശത്ത് കരനെൽകൃഷി വിജയകരമായി സാദ്ധ്യമാക്കി.<br>3) 3,78,750/- രൂപ വിനിയോഗിച്ച് നഗരസഭയുടെ സഹകരണത്തോടെ 11 ഹെക്ടർ പ്രദേശത്ത് വാഴകൃഷി വ്യാപിപ്പിച്ചു.<br>4) വെറ്റില കൃഷി ചെയ്യുന്ന കർഷകരുടെ പ്രാധാന്യം കണക്കിലെടുത്ത് പ്രസ്തുത കൃഷിയുടെ ഉന്നമനത്തിനായി 3,00,000/- രൂപ വിനിയോഗിച്ച് പുതിയ വെറ്റില കർഷകരെ ഈ രംഗത്തേക്ക് ആകർഷിക്കാൻ കഴിഞ്ഞു.<br>5) പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത വരിക്കുക എന്ന ലക്ഷ്യത്തോടെ നഗരസഭയുടെ സഹകരണത്തോടെ 3,25,000/- രൂപ വിനിയോഗിച്ചു. 5 ഹെക്ടർ പ്രദേശത്ത് പച്ചക്കറി കൃഷി വ്യാപിപ്പിച്ചു ഇതിൽ കമ്പോസ്റ്റ് നിർമ്മാണവും സ്കൂൾ പച്ചക്കറിത്തോട്ടവും നഗരസഭയിലെ കർഷകർക്ക് ഗ്രോബാഗ് വിതരണവും വിജയകരമായി നടപ്പിലാക്കി.<br>6) നഗരസഭയിലെ 3 ഹെക്ടർ സ്ഥലത്തെ തെങ്ങുകർഷകരെ ഉദ്ദേശിച്ച് 1,22,250/- രൂപ വിനിയോഗിച്ച് തെങ്ങുകൃഷി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി. |

| | | | |
|---|---|---|---|
| | | | 7) നഗരസഭയിലെ 1280 കുടുംബങ്ങൾക്ക് അഞ്ചിന ഫലവൃക്ഷതൈകൾ വിതരണം ചെയ്തു.<br>8) 8 വർഷങ്ങളായി തരിശായി കിടന്നിരുന്ന 1.8 ഹെക്ടർ പ്രദേശം നെൽകൃഷിക്ക് അനുയോജ്യമാക്കിത്തീർത്തു. |
| **ബി)** | ഇതിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് എന്നറിയിക്കാമോ; | **(ബി)** | മേൽ പറഞ്ഞ എല്ലാ പ്രവൃത്തികൾക്കും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. |
| **(സി)** | കൃഷിയ്ക്ക് അനുയോജ്യമായ സ്ഥലങ്ങളിൽ കൃഷി പ്രോത്സാഹിപ്പിക്കുവാൻ ആവശ്യമായ പദ്ധതി തയ്യാറാക്കുമോ ; വ്യക്തമാക്കുമോ ; | **(സി)** | തുടർ വർഷങ്ങളിലേക്കായുള്ള പദ്ധതികളുടെ കരട് തയ്യാറാക്കി നടപടികൾ സ്വീകരിച്ചു വരുന്നു. |
| **(ഡി)** | കോട്ടക്കൽ മണ്ഡലത്തിൽ കൃഷിക്കായി കണ്ടെത്തിയ സ്ഥലങ്ങൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ ? | **(ഡി)** | കൃഷിക്കനുയോജ്യമായ സ്ഥലങ്ങൾ കോട്ടക്കൽ നഗരസഭയിലെ മുഴുവൻ വാർഡുകളിലും ലഭ്യമായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**